## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2144** **13.06.2019 ൽ മറുപടിയ്ക്ക്**

## ഗാർഹിക പീഡനങ്ങളുടേയും ആത്മഹത്യകളുടേയും നിരക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സാക്ഷരതയിൽ മാത്രമല്ല ഗാർഹിക പീഡനത്തിലും ആത്മഹത്യയിലും ഇന്ത്യയിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനമായി കേരളം മാറി എന്നത് വസ്തുതയല്ലേ; | (എ) | സെൻസസ് 2011 പ്രകാരം കേരളത്തിൽ ആത്മഹത്യാ നിരക്ക് ഒരു ലക്ഷത്തിന് 25.3 ഉം ഇന്ത്യയിൽ 11.2 ഉം ആണ്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്ക് അനുസരിച്ച് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നുണ്ട്. |
| (ബി) | കേരളത്തിൽ ഇത്രമാത്രം ആത്മഹത്യകൾ നടക്കുന്നതിന്റെ കാരണത്തെ കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വകുപ്പ് പഠനം നടത്തിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ സാമൂഹ്യനീതി വകുപ്പോ വനിത വികസന വകുപ്പോ ഇക്കാര്യത്തെക്കുറിച്ച് പഠിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കുമോ; വിശദീകരിക്കുമോ? | (സി) | 'ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിയ്ക്കുന്ന നിയമം 2005' നടപ്പിലാക്കുന്നതിന് 14 ജില്ലകളിലും വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഗാർഹിക പീഡനത്തിന് ഇരയായവർക്ക് സൗജന്യ കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, ആവശ്യ ഘട്ടങ്ങളിൽ വൈദ്യ സഹായം, ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സഹായം, വൊക്കേഷണൽ ട്രെയിനിംഗ് എന്നിവ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ വഴി നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയായവർക്ക് അഭയം നൽകുന്നതിന് 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ |

| | | | |
|---|---|---|---|
| | | | സംരക്ഷിയ്ക്കുന്നതിന് അവബോധ പരിപാടികൾ വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാർ വഴി ജില്ലകളിൽ നടപ്പിലാക്കുന്നു.<br>ഗാർഹിക പീഡനം, സ്ത്രീധന പ്രശ്നം എന്നിവ മൂലം നടക്കുന്ന ആത്മഹത്യകളെക്കുറിച്ച് പഠിച്ച് പദ്ധതികൾ വനിത ശിശു വികസന വകുപ്പ് വഴി ആവിഷ്കരിയ്ക്കാവുന്നതാണ്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമാക്കി സ്ത്രീധന നിരോധനത്തിനായി സ്ത്രീധന നിരോധന മേഖലാ ഓഫീസർമാർ പ്രവർത്തിച്ചുവരുന്നു. സ്ത്രീ ശാക്തീകരണത്തിനായി സ്ത്രീധനം, ഗാർഹിക പീഡനം, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരെ വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ 'സധൈര്യം മുന്നോട്ട്' ക്യാമ്പയിൻ നടന്നുവരുന്നു. സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകി കേന്ദ്ര സർക്കാർ പദ്ധതിയായ "മഹിളാ ശക്തി കേന്ദ്ര" എന്ന പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും ജാഗ്രതാ സമിതികൾ ശാക്തീകരിയ്ക്കുന്നതിനായുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി വനിതകളിലെ ആത്മഹത്യാ പ്രവണത നിയന്ത്രിയ്ക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ.